റോഡ് യൂസർ പെർസപ്ഷൻ സർവ്വേ

259 (1303) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് റോഡ് യൂസർ പെർസപ്ഷൻ സർവ്വേ നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ബി) പ്രസ്തുത സർവ്വേയുടെ അന്തിമ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(സി) സർവ്വേയിലെ പ്രധാന കണ്ടെത്തലുകൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) കെ.എസ്.ടി.പി. രണ്ട് പദ്ധതിയിൽ ഏറ്റെടുത്ത് വികസിപ്പിക്കുന്ന ആകെ 363 കി.മീ. ദൈർഘ്യം വരുന്ന 6 റോഡുകളുടെ നിലവിലുള്ള അവസ്ഥയെപ്പറ്റി (വികസിപ്പിക്കുന്നതിന് മുമ്പുള്ള) ജനങ്ങളുടെ അഭിപ്രായം സമാഹരിക്കുന്നതിന് വേണ്ടി M/s ഷെർവുഡ് ടെക്നോക്രാറ്റ്സ് & കൺസൾട്ടന്റ് എന്ന സ്ഥാപനത്തെ നിയമിച്ച് റോഡ് യൂസർ പെർസപ്ഷൻ സർവ്വേ നടത്തിയിട്ടുണ്ട്. കെ.എസ്.ടി.പി രണ്ട് പദ്ധതിയിൽ ഏറ്റെടുത്ത് വികസിപ്പിക്കുന്ന റോഡുകളുടെ നിലവിലുള്ള അവസ്ഥയെപ്പറ്റി ജനങ്ങളുടെ അഭിപ്രായം സമാഹരിക്കുന്നതിനുവേണ്ടിയാണ് റോഡ് യൂസർ പെർസപ്ഷൻ സർവ്വേ നടത്തിയത്. എല്ലാ വിഭാഗത്തിലുമുള്ള റോഡ് ഉപയോക്താക്കളെ വിവിധ സംഘങ്ങളായി തിരിച്ച് പ്രത്യേകം ചോദ്യാവലി തയ്യാറാക്കിയാണ് അഭിപ്രായ ശേഖരണം നടത്തിയത്. റോഡ് ഉപയോക്താക്കളുടെ സാമൂഹികവും, സാമ്പത്തികവും, പ്രാദേശികവുമായിട്ടുള്ള ഘടകങ്ങളും നിലവിലുള്ള റോഡുകളെപ്പറ്റിയുള്ള അഭിപ്രായങ്ങളും റോഡിന്റെ ഘടന, നിർമ്മാണം, സുരക്ഷിതത്വം എന്നിവയും ഉപയോക്താക്കളുടെ റോഡ് ഉപയോഗരീതികളും ഉൾപ്പെടുത്തിയാണ് പ്രസ്തുത ചോദ്യാവലി തയ്യാറാക്കിയത്. റോഡ് പണി പൂർത്തീകരിച്ചശേഷം നടത്തുന്ന റോഡ് യൂസർ സാറ്റിസ്ഫാക്ഷൻ സർവ്വേയുടെ കണ്ടെത്തലുകളുമായി ഈ സർവ്വേയുടെ കണ്ടെത്തലുകൾ താരതമ്യം ചെയ്യുന്നതിനും ഭാവിയിൽ മറ്റ് പൊതുമരാമത്ത് റോഡുകളിലേക്കും ആവശ്യമായ റോഡ് യൂസർ സാറ്റിസ്ഫാക്ഷൻ ഇൻഡക്സ് വികസിപ്പിച്ചെടുക്കുന്നതിനും ലക്ഷ്യമിട്ടാണ് പ്രസ്തുത സർവ്വേ നടത്തിയത്. കൺസൾട്ടന്റ് 2014 ജൂലൈ മാസത്തിൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) കാൽ നടക്കാരും ഇരുചക്രവാഹനക്കാരുമാണ് എളുപ്പത്തിൽ പരിക്കേൽക്കാവുന്ന റോഡ് ഉപയോക്താക്കൾ (Vulnerable road users). ആയതിനാൽ ഈ വിഭാഗക്കാരുടെ സുരക്ഷ ഉറപ്പ് വരുത്തിയായിരിക്കണം റോഡുകളുടെ വികസനം എന്നാണ് ഈ സർവ്വേയിൽ നിന്നും ഉരുത്തിരിഞ്ഞത്.

നേമം നിയോജക മണ്ഡലത്തിൽ നിർമ്മിക്കുന്ന പാലങ്ങൾ

260 (1303) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

നേമം നിയോജകമണ്ഡലത്തിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന പാലങ്ങൾ ഏതൊക്കെയാണെന്നും അവയിൽ ഓരോന്നിന്റെയും നിർമ്മാണ പുരോഗതി എന്താണെന്നും വിശദമാക്കുമോ ?

ഉത്തരം

1. മധുപാലം പാലം നിർമ്മാണത്തിന് 700 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

2. കല്ലടിമുഖം പാലം നിർമ്മാണത്തിന് 500 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

3. പള്ളത്തുകടവ് പാലം നിർമ്മാണത്തിന് 850 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

4. പനത്തുറ പാലം നിർമ്മാണത്തിന് 1100 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ആവശ്യമായ ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ്.

5. മുടവൻ മുഗൾ പാലം നിർമ്മാണത്തിന് ഡിസൈൻ തയ്യാറാക്കിയിട്ടുണ്ട്.

6. തിരുവല്ലം-ഇടയാർ പാലം നിർമ്മാണത്തിന് ഡിസൈൻ തയ്യാറാക്കിവരുന്നു.

7. മാങ്കോട്ടുകടവ് പാലം സോയിൽ ഇൻവെസ്റ്റിഗേഷൻ പണികൾ നടന്നുവരുന്നു.

8. കീഴാറന്നൂർ പാലം സോയിൽ ഇൻവെസ്റ്റിഗേഷൻ പണികൾ നടന്നുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly